സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്

2015 – 16

# ഓഡിറ്റ് റിപ്പോർട്ട്

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

കെ.എസ്.എ. കെ.കെ.ഡി പി7/442/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ, കോഴിക്കോട് 673020

ഫോൺ. 0495-2371012

E-mail: ddlfakkd@yahoo.in

തീയ്യതി :19.03.2017

ജോയിന്റ് ഡയറക്ടർ,

കോഴിക്കോട്

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് 2015 – 16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2015 – 16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ(ജനറൽ) കോഴിക്കോട്

3)കാര്യാലയ പകർപ്പ്

കെ.എസ്.എ. കെ.കെ.ഡി പി7/442/2017 തീയതി: 19-03-2017.

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ

2015 - 16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2015- 16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.15 മുതൽ 31.03.16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ മറുപടിയൊന്നും ലഭിച്ചിട്ടില്ല. പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.പി.ഉണ്ണികൃഷ്ണൻ<br>ജോയിന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 20.02.17 മുതൽ 01.03.17 വരെ. | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ബാലകൃഷ്ണൻ.കെ.എം. | ഓഡിറ്റ് ഓഫീസർ |
| | | അനിൽ കുമാർ.എം.ഡി. | ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

| | | | | |
|---|---|---|---|---|
| പ്രസിഡന്റ് | : | | ശ്രീ.എം.കുഞ്ഞമ്മദ് മാസ്റ്റർ. | 01.04.15 മുതൽ 1.11.15വരെ |
| | | | ശ്രീമ.എ.സി.സതി. | 19.11.2015. മുതൽ 31.03.16 വരെ |
| സെക്രട്ടറി | : | | കബനി.സി | 01.04.15 മുതൽ 16.8.15 വരെ |
| | | | സി.ജി.കമലാകാന്ത പൈ | 17.08.15മുതൽ11.02.16വരെ |
| | | | ബെവിൻജോൺ വർഗ്ഗീസ് | 12.02.16 മുതൽ 31.03.16 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | | |
| ഉദ്യോഗപ്പേര് | | | പേര് | കാലയളവ് |
| മെഡിക്കൽ ഓഫീസർ | | | ഡോ.വിനോദ് കുമാർ.കെ.പി | 01.04.15 മുതൽ 31.03.16 വരെ |
| പട്ടികജാതി വികസന ഓഫീസർ | | | ശ്രീ.അനീഷ് വി നായർ | 01.04.15മുതൽ 31.03.16വരെ |
| സിഡിപിഒ | | | ശ്രീമതി.സുഷ.പി.ടി | 01.04.15 മുതൽ 09.02.16 വരെ |
| | | | ശ്രീമതി.ദീപ.കെ | 09.02.16 മുതൽ 31.03.16 വരെ |
| അസി.എക്സി. എഞ്ചിനീയർ | | | ശ്രീ.എ.എം.മാധവൻ | 01.04.15 മുതൽ 31.03.16 വരെ |
| അസി.ഡയറക്ടർ അഗ്രിക്കൾച്ചർ | | | ശ്രീമതി.പുഷ്പ.എ | 01.04.15 മുതൽ 31.03.16 വരെ |
| ക്ഷീരവികസന ഓഫീസർ | | | ശ്രീമതി.ശ്രീകാന്തി.എൻ | 01.04.15 മുതൽ 07.12.15 വരെ |

| | | | | |
|---|---|---|---|---|
| | | | ശ്രീ.സനൽ കുമാർ. പി, | 08.12.15മുതൽ 02.03.16 വരെ |
| | | | ശ്രീമതി.ജീജ.കെ.എം | 03.03.16 മുതൽ 31.03.16 വരെ |
| വ്യവസായ വികസന ഓഫീസർ | | | ശ്രീ.അനൂപ് ഷിനു | 01.04.15 മുതൽ 11.01.16 വരെ |
| .. | | | ശ്രീ.ഷിബിൻ.കെ | 12.01.16 മുതൽ 31.03.16 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതുഅവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| | ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 10 | വാർഷിക കണക്കിലെ അപാകതകൾ | 2-1 |
| | ഭാഗം 3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 11 | പരമ്പരാഗത മൺപാത്ര നിർമാണ യൂണിറ്റുകൾ (വനിത) സ്ഥാപിക്കൽ - ബ്ലോക്ക് പഞ്ചായത്ത് സബ്സിഡി നൽകിയ തുകയ്ക്ക് ബാങ്ക് പലിശ ഈടാക്കുന്നു | 3-1 |
| 12 | ടാറിംഗിന് അധിക നിരക്ക് നൽകി | 3-2 |

| | | |
|---|---|---|
| 13 | ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത റോഡ് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തി | 3-3 |
| 14 | മാലിന്യ സംസ്കരണം - പദ്ധതി പൂർത്തീകരിച്ചില്ല. | 3-4 |
| 15 | കായണ്ണ സ്റ്റേഡിയം നിർമ്മാണം - ചുമതലയിൽപ്പെടാത്ത പ്രവൃത്തി | 3-5 |
| 16 | പാലേരി വനിതാ കോമൺ ഫെസിലിറ്റി സെന്റർ - അപാകതകൾ | 3-6 |
| 17 | റോഡ് പ്രവൃത്തികൾക്ക് ക്വാറിമക്ക് ഉപയോഗിച്ചതിന് ആവശ്യകത വ്യക്തമാക്കുന്ന രേഖകൾ ഇല്ല | 3-7 |
| 18 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-8 |
| 19 | വനിത ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി - അപാകതകൾ | 3-9 |
| 20 | ബഡ്സ് സ്കൂൾ - അപാകതകൾ | 3-10 |
| 21 | ജൈവ പച്ചക്കറി - കുടുംബശ്രീ യൂണിറ്റുകൾക്ക് നേരിട്ട് നൽകി | 3-11 |
| 22 | ഭിന്നശേഷിയുള്ളവർക്ക് സഹായ ഉപകരണങ്ങൾ നൽകൽ - അപാകതകൾ | 3-12 |
| 23 | വൃക്കരോഗ പ്രതിരോധ യജ്ഞം - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-13 |
| 24 | പെയിൻ&പാലിയേറ്റീവ് പരിചരണ പ്രവർത്തനം - അപാകതകൾ | 3-14 |
| 25 | ബിൽ ഹാജരാക്കാതെ തുക അനുവദിച്ചു | 3-15 |
| ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| | അനുബന്ധം | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015 – 16 വർഷത്തെ ബജറ്റ് 12.03.15 തിയതിയിലെ 75/15 - 16 തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.16 | 30.07.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015 – 16 | 20.02.2016 | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന് അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 48712211 |
| വരവ് | 118420062 |
| ആകെ | 167132273 |
| ചെലവ് | 128406849 |
| നീക്കിയിരിപ്പ് | 38725424 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 7138112 | 28858691 | 35996803 | 35996803 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 2157404 | 10481078 | 12638482 | 12638482 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | -- | 206000 | 206000 | 206000 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1846116 | 2877458 | 4723574 | 4723574 | 0 | 100 |
| ബി ഫണ്ട് | -- | 196147 | 196147 | 196147 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ(എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 76 | 113811772 | 65 | 25047699 | 7 | 4 | 86 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ്/വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | - | - | - |
| നികുതിയേതര വരവുകൾ | 22500 | 53552 | (+)31052 |
| മറ്റുവരവുകൾ | - | - | - |
| ആകെ | 22500 | 53552 | (+)31052 |

## 1- 8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.02.2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പില്ല.

## 1- 9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.01.2016 | 2015-16 | 14/DPA/16/KKD<br>04.02.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.04.2010 | 2008-09 – 2009-10 | A(HO)111/111/ 12-45<br>5.6.10 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

2015 – 16 വർഷങ്ങളിലെ വാർഷിക കണക്കുകൾ, സ്ഥാപനത്തിലെ ക്യാഷ് ബുക്ക്, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ പറയുന്നു.

1. ലോൺ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിക്കാത്തതിനാൽ ഈയിനത്തിലുള്ള വരവ്, ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2. ആസ്തി രജിസ്റ്റർ പൂർത്തീകരിക്കുകയോ, ബ്ലോക്ക് പഞ്ചായത്തിന്റെ നിലവിലുള്ള ആസ്തികൾ പൂർണ്ണമായും മൂല്യനിർണ്ണയം ചെയ്ത് വാർഷിക കണക്കിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളുടെ ഐടി, വാറ്റ്, ക്ഷേമനിധി എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പരമ്പരാഗത മൺപാത്ര നിർമാണ യൂണിറ്റുകൾ (വനിത) സ്ഥാപിക്കൽ - ബ്ലോക്ക് പഞ്ചായത്ത് സബ്സിഡി നൽകിയ തുകയ്ക്ക് ബാങ്ക് പലിശ ഈടാക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : വ്യവസായ വികസന ഓഫീസർ

പ്രൊജക്ട് നമ്പർ : 48/15-16

അടങ്കൽ : 660000 (330000 വികസനഫണ്ട് + 330000 ബാങ്ക് ലോൺ)

പരമ്പരാഗത മൺപാത്ര നിർമാണ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി ഗ്രേഡിംഗ് പൂർത്തിയാക്കിയ രണ്ട് സ്വയം സഹായ സംഘങ്ങൾക്ക് വികസനഫണ്ടിൽ നിന്ന് 330000 ( ബിൽ നം. 2/15-16 തീ. 17/03/2016) രൂപ ബേക്ക് എൻഡ് സബ്സിഡി നൽകുന്നതിന് ചെലവഴിച്ചിട്ടുണ്ട്. സ്പന്ദനം , ചേതന എന്നീ ഗ്രൂപ്പുകൾക്ക് ഓഡിറ്റ് തിയ്യതി വരെ താഴെ കാണിച്ച വിധം 452000 രൂപ കനറാ ബാങ്ക് വായ്പ അനുവദിച്ചിട്ടുണ്ട്. വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ക്ലേ

ഗ്രൈൻഡിംഗ് മെഷീൻ, ക്രോക്കറിവീൽ ( 5മെഷീൻ,22ക്രോക്കറിവീൽ)എന്നിവ സ്ഥാപിച്ച് മൺപാത്ര നിർമ്മാണം ആധുനികവൽക്കരിക്കുന്നതിനാണ് ധനസഹായം അനുവദിച്ചിരിക്കുന്നത്.

| ഗ്രൂപ്പിന്റെ പേര് | വികസന ഫണ്ട്<br>(ബേക്ക് എൻഡ് സബ്സിഡി ) | ബാങ്ക് ലോൺ | ആകെ |
|---|---|---|---|
| സ്പന്ദനം | 150000 | 50000 | 200000 |
| ചേതന | 180000 | 72000 | 252000 |

രണ്ടു യൂണിറ്റുകൾക്കായി 452000 രൂപ ബാങ്ക് വായ്പ അനുവദിച്ചതിൽ 330000 രൂപ ബാക്ക് എൻഡ് സബ്സിഡിയും 122000 രൂപ ബാങ്ക് വായ്പയുമാണ്.ഗുണഭോക്താക്കളുടെ ബാങ്ക് പാസ്സ്ബുക്ക്, തിരിച്ചടവ് എന്നിവ പരിശോധിച്ചതിൽ 452000 രൂപക്കും ബാങ്ക് പലിശ ഈടാക്കുന്നതായി കാണുന്നു. സബ്സിഡിക്ക് പലിശ ഈടാക്കാൻ പാടില്ല. സംഘങ്ങളിൽ നിന്ന് അധികമായി ഈടാക്കിയ പലിശ സംഘങ്ങൾക്ക് തിരികെ നൽകി രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-2 ടാറിംഗിന് അധിക നിരക്ക് നൽകി

ബ്ലോക്ക് പഞ്ചായത്ത് 2015-16 വർഷം നടത്തിയ ടാറിംഗ് പ്രവൃത്തികൾ VG-30 ഗ്രേഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് ചെയ്തത്. ഈ ഗ്രേഡ് ബിറ്റുമിന്റെ ഡി.എസ്.ആർ നിരക്കായ ടണ്ണിന് 41000 രൂപയും അതിന്റെ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുന്ന തുകയുമാണ് വിവിധ പ്രവൃത്തികൾക്ക് നൽകിയത്. ജി.ഒ.(ആർ.ടി) 786/14 തസ്വഭവ തീയതിഃ 18.3.2014 പ്രകാരം റോഡ് പ്രവൃത്തിക്ക് ടാറിന്റെ വില ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ബിൽ നിരക്ക് അനുവദിച്ച് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 13/02/14 ലെ ഡി.ബി.3/6512/2013/സി.ഇ/ത.സ്വ.ഭ.വ. സർക്കുലർ പ്രകാരം മാർക്കറ്റ് നിരക്കിൻമേൽ കോസ്റ്റ് ഇൻഡക്സ് നൽകാൻ അനുവാദമില്ല. എന്നാൽ ഓഡിറ്റ് കാലയളവിൽ ടാറിന്റെ മാർക്കറ്റ് വില ഷെഡ്യൂൾ നിരക്കായ 41000 രൂപയിലും കുറവായിട്ടും ഷെഡ്യൂൾ നിരക്കിൻമേൽ കോസ്റ്റ് ഇൻഡക്സ് അനുവദിച്ചതായി കാണുന്നു. ഇതുവഴി ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.-

| ക്രമ നം. | പ്രവൃത്തിയുടെ പേര്,<br>പ്രൊജക്ട് നം,<br>എസ്റ്റിമേറ്റ്,<br>എഗ്രിമെന്റ് തിയ്യതി, സാങ്കേതികാനുമതി ലഭിച്ച തിയ്യതി | മൂല്യനിർണയം ചെയ്ത തുക ,<br>അളവുപുസ്തകം,<br>അവസാന ബിൽതുക,<br>കരാറുകാരൻ | ചെയ്ത പ്രവൃത്തി(ഇനം),<br>ആവശ്യമായ ടാർ | നൽകിയ തുക(കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ) | നൽകാവുന്നത് | അധികം നൽകിയ തുക(രൂ) |
|---|---|---|---|---|---|---|
| 1 | കുട്ടോത്ത് സ്കൂൾ കയ്യേലിറോഡ് ( ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്ത്)<br>21/15-16,<br>500000,<br>08/09/15, | 417988 ,<br>08/15-16,<br>417988<br>(ബിൽ നം.<br>37/15-16തീ.31/3/16) | ടാക്ക്കോട്ട്<br>407.62കി.ഗ്രാം<br>(ഇനം 8)<br>543.49ച.മീ*.75കി.ഗ്രാം/ച.മീ. | 1722.87 കി.ഗ്രാം*<br>41*1.381 = 97551 | 1722.87*<br>41=<br>70638 | 22873<br>(15.01% ടെണ്ടർ കുറവ്) |

| | | | | | | |
|---|---|---|---|---|---|---|
| | 03/06/15<br>15.01% കുറവ് | ഒ.എം.സ്വരാജ് | ചിപ്പിംഗ്കാർപ്പറ്റ്<br>782.63കി.ഗ്രാം<br>(ഇനം.9) 543.49ച.മീ*.144ടൺ/100ച.മീ.<br><br>സീൽകോട്ട്<br>532.62 കിഗ്രാം(ഇനം10 )<br>543.49ച.മീ* 98കി.ഗ്രാം/100ച.മീ. | | | |
| 2 | ചക്കിട്ടപാറ അംഗൻവാടി SHകോൺവെന്റ് റോഡ് (ചക്കിട്ടപാറ ഗ്രാമ പഞ്ചായത്ത് )<br>19/15-16,<br>500000,<br>11/09/15,<br>03/06/2015<br>6.8% കുറവ് | 466000,<br>77/14-15,<br>466000,<br>(ബിൽ നം.<br>29/15-16തീ.29 /02/16)<br>എ.കെ .സദാനന്ദൻ | ടാക്ക്കോട്ട് 333.11കി.ഗ്രാം<br>(ഇനം9) 444.15ച.മീ* .75കി.ഗ്രാം/ച.മീ.<br><br>ചിപ്പിംഗ്കാർപ്പറ്റ്<br>639.58കി.ഗ്രാം<br>(ഇനം.10) 444.15ച.മീ* .144ടൺ/100ച.മീ.<br><br>സീൽകോട്ട്<br>435.27കിഗ്രാം(ഇനം<br>11)<br>444.15ച.മീ* .98കി.ഗ്രാം/100ച.മീ. | 1407.96 കി.ഗ്രാം*41*<br>1.381 =<br>79720 | 1407.96* *41<br>= 57726 | 20498<br>(6.8 % ടെണ്ടർ കുറവ്) |
| 3 | കക്കനംകണ്ടി<br>കൈപ്രം റോഡ് പൂർത്തീകരണം<br>( പേരാമ്പ്ര ഗ്രാമ പഞ്ചായത്ത് )<br>27/15-16,<br>500000,<br>16/09/15,<br>03/06/15 | 489450,<br>4/15-16,<br>489450,<br>(ബിൽ നം.<br>26/15-16<br>തീ.29/02/16)<br>മഹേശ്വര കൺസ്ട്രക്ഷൻസ് പേരാമ്പ്ര. | ടാക്ക്കോട്ട്<br>603.56കി.ഗ്രാം<br>(ഇനം5) 804.75*ച.മീ* .75കി.ഗ്രാം/ച.മീ.<br><br>ചിപ്പിംഗ്കാർപ്പറ്റ്<br>1158.84കി.ഗ്രാം<br>(ഇനം.6) 804.75ച.മീ*. .144ടൺ/100ച.മീ.<br><br>സീൽകോട്ട്<br>788.65കി.ഗ്രാം<br>(ഇനം.6) 804.75ച.മീ* .98കി.ഗ്രാം/100ച.മീ. | 2551 കി.ഗ്രാം*41*<br>1.381=<br>144440 | 2551 കി.ഗ്രാം*41<br>= 104591 | 39008<br>(2.11%<br>ടെണ്ടർ കുറവ്) |

| | | | | | | |
|---|---|---|---|---|---|---|
| 4 | വേവൂർ കണ്ടിതാഴ ഇടക്കയിൽ റോഡ് (പേരാമ്പ്ര ഗ്രാമപഞ്ചായത്ത്) 24/15-16, 500000, 16/09/15, 03/06/15 | 484000, 6/15-16, 484000, 28/15-16 തീ. 29/02/16, മഹേശ്വര കൺസ്ട്രക്ഷൻസ് പേരാമ്പ്ര. | ടാക്ക്കോട്ട് 418.28കി.ഗ്രാം (ഇനം6) 557.7*ച.മീ* .75കി.ഗ്രാം/ച.മീ. | 1767.83* 41*1.381 =100096 | 1767.83*41= 72481 | 26731 (3.2% ടെണ്ടർ കുറവ്) |
| | | | ചിപ്പിംഗ്കാർപ്പറ്റ് 803കി.ഗ്രാം (ഇനം.7) 557.7ച.മീ* .144ടൺ/100ച.മീ. | | | |
| | | | സീൽകോട്ട് 546.55കി.ഗ്രാം (ഇനം.8) 557.7ച.മീ* .98കി.ഗ്രാം/100ച.മീ. | | | |
| 5 | കൃഷിഭവൻ തെക്കണ്ടി മുക്ക് റോഡ് (നൊച്ചാട് ഗ്രാമ പഞ്ചായത്ത്), 16/15-16, 500000, 09/09/15, 03/06/15 | 474500, 63/14-15, 474500, 21/15-16തീ.30 /01/16, പി.ഗഫൂർ | ടാക്ക്കോട്ട് 378കി.ഗ്രാം (ഇനം8) 504ച.മീ* .75കി.ഗ്രാം/ച.മീ. | 1597.72*41*1.381 =90465 | 1597.72*41* =65507 | 23685 (5.10% ടെണ്ടർ കുറവ്) |
| | | | ചിപ്പിംഗ്കാർപ്പറ്റ് 725.8കി.ഗ്രാം (ഇനം.9) 504ച.മീ* .144ടൺ/100ച.മീ. | | | |
| | | | സീൽകോട്ട് 493.92കി.ഗ്രാം (ഇനം.10) 504ച.മീ*98കി.ഗ്രാം/100ച.മീ. | | | |
| 6 | എടോത്ത്കണ്ടിമുക്ക് നീലിക്കുന്ന് റോഡ് (കായണ്ണ ഗ്രാമ പഞ്ചായത്ത്), 22/15-16, 500000, 16/09/15, 03/06/15 | 474000, 58/14-15, 474000, 23/15-16 തീ. 29/02/16) മഹേശ്വര കൺസ്ട്രക്ഷൻസ് പേരാമ്പ്ര. | ടാക്ക്കോട്ട് 425.25കി.ഗ്രാം (ഇനം9) 567ച.മീ*.75കി.ഗ്രാം/ച.മീ. | 1797.39*41*1.381 =101770 | 1797.39*41* =73693 | 26617 (5.2% ടെണ്ടർ കുറവ്) |
| | | | ചിപ്പിംഗ്കാർപ്പറ്റ് 816.48കി.ഗ്രാം (ഇനം.10) 567ച.മീ*.144ടൺ/100ച.മീ. | | | |

| | | | |
|---|---|---|---|
| | | | |
| | സീൽകോട്ട്<br>555.66കി.ഗ്രാം<br>(ഇനം.10)<br>567ച.മീ*98കി.ഗ്രാം/100ച.മീ. | | |
| ആകെ കുറവ് | | | 159412 |

അധികം നൽകിയ തുക ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-3 ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത റോഡ് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തി

കേരള പഞ്ചായത്ത്‌രാജ് നിയമം 172(1) വകുപ്പ് ,നാലാം പട്ടികയിലെ മേഖലാ ചുമതല IX പ്രകാരം ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും ബ്ലോക്ക്പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുക എന്നതാണ് ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതല. എന്നാൽ ഓഡിറ്റ് വർഷം പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടത്തിയ റോഡ് പ്രവൃത്തികളുടെ നിർവ്വഹണം പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമ പഞ്ചായത്തുകളിലെ ചെറിയ ചെയിനേജുകളിൽ റോഡ് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയതായും റോഡ് ഫോർമേഷൻ നടത്തിയതായും ഭാഗികമായ പ്രോജക്ടുകൾ ഏറ്റെടുത്ത് നടത്തിയതായും കാണുന്നു.ചില ഉദാഹരണങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നമ്പർ, കരാറുകാരൻ | മൂല്യനിർണയം ചെയ്ത തുക | റിമാർക്സ് |
|---|---|---|---|
| 1 | മാണിക്കാകണ്ടി കുന്നിയുള്ളതിൽ താഴെ റോഡ്,<br>14/15-16,<br>ഒ.എം.സ്വരാജ് | 454550 | ചങ്ങരോത്ത് ഗ്രാമ പഞ്ചായത്തിലെ മേൽ റോഡ് 190 മീറ്റർ നീളത്തിൽ മണ്ണിട്ടുയർത്തി അതിനുമുകളിൽ ക്വാറിമക്ക് നിറച്ച് റോഡ് ഫോർമേഷൻ നടത്തി. ഭാഗികമായ പ്രവൃത്തി. |
| 2 | പെരുവനതാഴ കാര്യാട്ട്കുന്ന് റോഡ് ,<br>28/15-16,<br>ഒ.എം.സ്വരാജ് | 420906 | ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ മേൽ റോഡ് 272.5 മീറ്റർ നീളത്തിൽ സോളിംഗ് പ്രവൃത്തി നടത്തി. ഭാഗികമായ പ്രവൃത്തി. |
| 3 | മാമ്പള്ളി കരുവാത്തികണ്ടി റോഡ്,<br>23/15-16,<br>ഒ.എം.സ്വരാജ് | 443184 | കൂത്താളി ഗ്രാമപഞ്ചായത്തിലെ മേൽ റോഡ് 136 മീറ്റർ നീളത്തിൽ മണ്ണിട്ടുയർത്തി അതിനുമുകളിൽ 10 സെ.മീ. കനത്തിൽ ക്വാറിമക്ക് നിറയ്ക്കുന്നതുൾപ്പെടെയുള്ള പ്രവൃത്തി. ഭാഗികമായ പ്രവൃത്തി. |

| | | | |
|---|---|---|---|
| 4 | മത്തത്ത് താഴ കണ്ണമ്പത്ത് സ്കൂൾ റോഡ് , 17/15-16, ഒ.എം.സ്വരാജ് | 434950 | നൊച്ചാട് ഗ്രാമപഞ്ചായത്തിലെ മേൽ റോഡ് സോളിംഗ് പ്രവൃത്തി വരെ നടത്തി. ഭാഗികമായ പ്രവൃത്തി. |

ജി.ഒ.(എം.എസ്) 362/2013ത.സ്വ.ഭ.വ. തീ.16/11/2013 പദ്ധതി ആസൂത്രണ മാർഗ്ഗരേഖയുടെ പൊതു സമീപനമനുസരിച്ച് ഭാഗികമായ പ്രൊജക്ടുകൾ തയ്യാറാക്കാൻ പാടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലെ ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികളാണ് തയ്യാറാക്കേണ്ടത്. റോഡ് പ്രവൃത്തികൾ നിർവ്വഹണം നടത്തുമ്പോൾ പ്രൊജക്ടുകളുടെ എണ്ണം കുറച്ച് എല്ലായിനങ്ങളും ഉൾപ്പെടുത്തി രണ്ട് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന സമഗ്രമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടതാണ്.

## 3-4 മാലിന്യ സംസ്കരണം - പദ്ധതി പൂർത്തീകരിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ

താലൂക്ക് ആശുപത്രിയിലെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി അഞ്ച് ലക്ഷം രൂപ (റോഡിതര മെയിന്റനൻസ് ഗ്രാന്റ് ) അടങ്കലായി പ്രൊജക്ട് രൂപീകരിക്കുകയും 360778/-രൂപ (ബിൽ നം. 27/15-16, തി.31.3.16) പാർട്ട് ബിൽ നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. പദ്ധതി പ്രകാരം താലൂക്ക് ആശുപത്രിക്ക് മാലിന്യ സംസ്കരണ പ്ളാന്റ് സ്ഥാപിക്കൽ, കനാൽ നിർമ്മാണം, ആശുപത്രിക്ക് മുന്നിൽ റൂഫിംഗ് ഷീറ്റ് ഷെഡ് നിർമ്മാണം തുടങ്ങി സാങ്കേതിക വൈദഗ്ദ്യം വേണ്ട പ്രവൃത്തികളായതിനാൽ അസി.എക്സി. എഞ്ചിനീയറായിരുന്നു നിർവ്വഹണം നടത്തേണ്ടിയിരുന്നത്. എന്നാൽ പ്രവൃത്തി നിർവ്വഹണം നടത്തിയത് മെഡിക്കൽ ഓഫീസറാണ്.

2. പദ്ധതി ഓഡിറ്റ് തിയ്യതി വരെ പൂർത്തിയാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം സമർപ്പിക്കേണ്ടതാണ്.

## 3-5 കായണ്ണ സ്റ്റേഡിയം നിർമ്മാണം - ചുമതലയിൽപ്പെടാത്ത പ്രവൃത്തി

നിർവ്വഹണ ഉദ്യോഗസ്ഥൻ :അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
പ്രൊജക്ട് നം : 75/15-16
എസ്റ്റിമേറ്റ് : 2550000
മൂല്യ നിർണയം ചെയ്ത തുക : 2524245
കരാറുകാരൻ : കെ.പി. രാമകൃഷ്ണൻ
അവസാന ബിൽതുക : 585109(ബിൽ നം. 47/15-16 തീ. 31/03/16)

ബ്ലോക്ക്പഞ്ചായത്ത് പരിധിയിലുള്ള കായണ്ണ ഗ്രാമപഞ്ചായത്തിൽ 2524245 രൂപ ചെലവഴിച്ച് ഒരു സ്റ്റേഡിയം നിർമ്മിച്ചതായി കാണുന്നു.കേരള പഞ്ചായത്ത് രാജ് നിയമം 166 (1) വകുപ്പ് മൂന്നാം പട്ടികയിലെ മേഖലാ ചുമതല XVI, 173(1) വകുപ്പ് അഞ്ചാം പട്ടികയിലെ ചുമതല XV എന്നിവ പ്രകാരം കളിസ്ഥലങ്ങളും സ്റ്റേഡിയങ്ങളും

നിർമ്മിക്കുന്നതിനുള്ള ചുമതല ഗ്രാമപഞ്ചായത്തിലും ജില്ലാ പഞ്ചായത്തിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്. പഞ്ചായത്ത് രാജ് ആക്ടിലെ 3,4,5 പട്ടികകളിൽ യഥാക്രമം ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയുടെ ചുമതലകൾ വിശദമാക്കിയിട്ടുണ്ട്. അതുപ്രകാരം ഒരു തദ്ദേശ സ്ഥാപനത്തിൽ നിക്ഷിപ്തമായതും , കൂടാതെ സർക്കാർ പ്രത്യേകമായി ഏൽപ്പിച്ചതുമായ ചുമതലകൾ നിറവേറ്റുന്നതിനുവേണ്ടി ആയിരിക്കണം പ്രൊജക്ടുകൾ തയ്യാറാക്കേണ്ടതെന്ന് സ.ഉ.(എം.എസ്)362/2013/ ത.സ്വ.ഭ.വ തീ.16/11/2013 പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 4 (2) -ൽ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമവികസന കമ്മീഷണർ 13/06/2014 ന് 22999/ഡി.പി.4/13 സി.ഡി.ആർ. നമ്പർ കത്തിൽ എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും മേഖലാ ചുമതലയിൽപ്പെടാത്ത പ്രവൃത്തികൾ ഏറ്റെടുക്കരുതെന്ന് കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. മേഖലാചുമതലയിൽപ്പെടാത്ത പ്രവൃത്തിക്ക് ചെലവഴിച്ച 2524245 രൂപ തടസ്സത്തിൽ വെക്കുന്നു. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 3-6 പാലേരി വനിതാ കോമൺ ഫെസിലിറ്റി സെന്റർ - അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രൊജക്ട് നമ്പർ | : 34/15-16 |
| എസ്റ്റിമേറ്റ് | : 1500000 |
| കരാറുകാരൻ | : എം.എം.ബാലകൃഷ്ണൻ |
| അളവ് പുസ്തകം | : 18/15-16 |

പാലേരി വില്ലേജ് റി.സ. 50/ Iഎ – ൽപ്പെട്ട 5 സെന്റ് സ്ഥലത്ത് വനിത കോമൺ ഫെസിലിറ്റി സെന്റർ നിർമ്മിച്ചതിന് ഓഡിറ്റ് വർഷം 630547 രൂപ (ബിൽ നം. 53/15-16തീ.31/03/16) പാർട്ട് ബിൽ ആയി ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

(1) ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി , 22/02/2016 ലെ 49/2016 തീരുമാനപ്രകാരം പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന് കൈമാറുന്നതിന് ചങ്ങരോത്ത് ഗ്രാമഞ്ചായത്ത് തീരുമാനമെടുത്തതായി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു.എന്നാൽ ഭൂമി കൈമാറ്റത്തിന് സർക്കാർ അനുമതി ലഭിച്ചതിന്റെയോ ഭൂമി കൈമാറിയതിന്റെയോ രേഖകൾ ഫയലിലില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ മേൽ ഭൂമി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ളതായി രേഖപ്പെടുത്തിയിട്ടില്ല.

(2) പ്രൊജക്ട് പരിശോധിച്ചതിൽ ഉൽപാദന മേഖലയിൽ ചെറുകിടവ്യവസായം എന്ന സൂക്ഷ്മമേഖലയിൽ ഉൾപ്പെടുത്തിയാണ് പ്രൊജക്ട് തയ്യാറാക്കിയത്.എന്നാൽ തുടങ്ങാനുദ്ദേശിക്കുന്ന വ്യവസായത്തിന്റെ വിശദാംശങ്ങൾ പ്രൊജക്ടിലോ ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല.

(3) കേരള പഞ്ചായത്ത്രാജ് നിയമം 172(1) വകുപ്പ് ,നാലാം പട്ടികയിലെ മേഖലാ ചുമതല IX പ്രകാരം സർക്കാരിൽ നിന്നും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കുവേണ്ടി മാത്രമേ ബ്ലോക്ക് പഞ്ചായത്തിന് കെട്ടിടം നിർമ്മിക്കാൻ അനുമതിയുള്ളൂ.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-7 റോഡ് പ്രവൃത്തികൾക്ക് ക്വാറി മക്ക് ഉപയോഗിച്ചതിന് ആവശ്യകത വ്യക്തമാക്കുന്ന രേഖകൾ ഇല്ല

നിർവ്വഹണം : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ റോഡ് പ്രവൃത്തികളിൽ റോഡിന്റെ സബ് ഗ്രേഡ് ബലപ്പെടുത്തുന്നതിനായി 15 സെ.മി. വരെയുള്ള വിവിധ കനങ്ങളിൽ ക്വാറിമക്ക് ഫില്ലിംഗ് നടത്തിയിട്ടുണ്ട് . ചില ഉദാഹരണങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം , പ്രവൃത്തിയുടെ പേര് | കരാറുകാരൻ | ക്വാറിമക്ക് നിറച്ച തിന് ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 14/15-16, മാണിക്കാകണ്ടി കുന്നിയുള്ളതിൽ താഴെ റോഡ് (ചങ്ങരോത്ത് ഗ്രാമ പഞ്ചായത്ത്) | ഒ.എം.സ്വരാജ് | 113693 ബിൽ നം.50/15-16 തീ.31/03/16 | മണ്ണ് നിറച്ചതിന് മുകളിൽ 190 മീറ്റർ നീളത്തിൽ 12 സെ. മീ.കനത്തിൽ ക്വാറിമക്ക് നിറച്ചു. |
| 2 | 23 /15-16 , മാമ്പള്ളി കരുവാത്തിക്കണ്ടി റോഡ് ( കുത്താളി ഗ്രാമപഞ്ചായത്ത്) | ഒ.എം.സ്വരാജ് | 77565 ബിൽ നം. 42/15-16 തീ. 31/03/16 | മണ്ണ് നിറച്ചതിന് മുകളിൽ 136 മീറ്റർ നീളത്തിൽ 10 സെ. മീ.കനത്തിൽ ക്വാറിമക്ക് നിറച്ചു. |
| ആകെ | | | 191258 | |

റോഡ് പ്രവൃത്തികളിൽ ക്വാറിമക്ക് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് 26.9.16 ന് 718974/estt.D4/16/Fin നമ്പർ കത്തു പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി(ഫിനാൻസ്) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് നല്കിയ ക്ലാരിഫിക്കേഷനിൽ , നിലവിലുള്ള മണ്ണിനെ സ്റ്റബിലൈസ് ചെയ്യാനും,സബ് ഗ്രേഡിന്റെ CBR വാല്യൂ മെച്ചപ്പെടുത്താനും ക്വാറിമക്ക് ഉപയോഗപ്പെടുത്താമെന്നും,എന്നാൽ സബ് ബേസിന്റെ CBR വാല്യൂ മെച്ചപ്പെടുത്തേണ്ടതുണ്ടെന്നും ,ക്വാറിമക്ക് ഉപയോഗിച്ചാൽ റോഡ് പ്രവൃത്തിയുടെ ആകെ ചെലവിൽ കുറവുണ്ടാകുമെന്നും തെളിയിക്കുന്ന ഡാറ്റ ക്വാറിമക്ക് ഉപയോഗിക്കാനുള്ള ഏതൊരു പ്രൊപ്പോസലിനും സപ്പോർട്ടിംഗ് ഡോക്യുമെന്റായി ലഭ്യമാക്കണമെന്നും വ്യക്തമാക്കിയിരുന്നു.എന്നാൽ ഇത്തരം യാതൊരു ഡാറ്റയും ഇല്ലാതെയും ക്വാറിമക്ക് ഉപയോഗിക്കേണ്ടി വരുന്നതിന്റെ ആവശ്യകത വ്യക്തമാക്കാതെയുമാണ് ക്വാറിമക്ക് ഉപയോഗിച്ചിരിക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത്ഫണ്ടിൽ നിന്നും അനാവശ്യചെലവു വരുമെന്നതിനാൽ ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ക്വാറിമക്ക് നിറയ്ക്കുന്നതിന് ചെലവഴിച്ച 191258 രൂപ തടസ്സത്തിൽ വെക്കുന്നു.

## **3-8** ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് നമ്പർ : 7/15-16

അടങ്കൽ : 286100 (പഞ്ചായത്ത് വിഹിതം 200000+ ബ്ലോക്ക് വിഹിതം 86100)

ചക്കിട്ടപാറ ഗ്രാമപഞ്ചായത്തിലെ 30 വിദ്യാർത്ഥികൾക്ക് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നതിനുള്ള സ്കോളർഷിപ്പ് നൽകിയതിന് ബ്ലോക്ക് വിഹിതമായി 86100 ( ബിൽ നം.27/15-16 തീ.29/03/16) രൂപ ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് നേരിട്ട് അവരുടെ അക്കൗണ്ടിലേക്ക് തുക കൈമാറുകയാണ് ചെയ്തത്. പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്ന പ്രൊജക്ട് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് ആണ് ഏറ്റെടുക്കേണ്ടത്. ഗ്രാമ/ബ്ലോക്ക് /ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 50:25:25 അനുപാതത്തിൽ വിഹിതം ഗ്രാമ പഞ്ചായത്തിന് നൽകുകയാണ് വേണ്ടത് .ഗുണഭോക്താവ് ഏത് ഗ്രാമപഞ്ചായത്തിലാണോ സ്ഥിരതാമസം, ആ ഗ്രാമഞ്ചായത്ത് ആണ് ധനസഹായം നൽകേണ്ടത്.(സ.ഉ.(എം.എസ്)362/2013/ത.സ്വ.ഭ.വ തീ.16/11/2013 പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ അനുബന്ധം 16 ഖണ്ഡിക 5-8 (ഡി )യിലെ കുറിപ്പ് കാണുക). എന്നാൽ ധനസഹായം ബ്ലോക്ക്പഞ്ചായത്ത് നേരിട്ട് ഗുണഭോക്താക്കൾക്ക് നൽകിയതായി കാണുന്നു. ഏതൊക്കെ മാസങ്ങളിലെ സ്കോളർഷിപ്പ് ആണ് നൽകിയതെന്ന് ഫയലിൽ വ്യക്തമല്ല. ഗ്രാമപഞ്ചായത്ത് ആനുകൂല്യം നൽകാത്ത ഗുണഭോക്താക്കൾക്ക് തന്നെയാണ് ബ്ലോക്ക് പഞ്ചായത്ത് ധനസഹായം നൽകിയതെന്ന് ഉറപ്പുവരുത്തുന്ന രേഖകൾ ഫയലിലില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്. ചെലവഴിച്ച 86100 രൂപ തടസ്സത്തിൽ വെക്കുന്നു.

## **3-9** വനിത ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബ്സിഡി - അപാകതകൾ

പ്രൊജക്ട് നമ്പർ : 29/15-16

അടങ്കൽ : 500000

ചെലവ് : 500000 (1/15-16 തീ.28/03/16)

പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വനിതാ ക്ഷീരകർഷകരുടെ 17 ഗ്രൂപ്പുകൾക്ക് ഒരു ലിറ്റർ പാലിന് 3 രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി അനുവദിച്ച 500000 രൂപ ചെലവഴിച്ചിട്ടുണ്ട്.പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

(സ.ഉ.(എം.എസ്)362/2013/ത.സ്വ.ഭ.വ തീ.16/11/2013 പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ അനുബന്ധം 16 ഖണ്ഡിക 3.2(10) പ്രകാരം മേൽ പ്രൊജക്ട് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകി ഗ്രാമ പഞ്ചായത്ത് മുഖേനയാണ് നടപ്പിലാക്കേണ്ടത്. ജി.ഒ(ആർ.ടി)2613/14

തസ്വഭവ തീയതിഃ 10.10.2014 പ്രകാരം ക്ഷീരകർഷകർക്കുള്ള കാലിത്തീറ്റ വിതരണ പദ്ധതിയുടെ നിർവ്വഹണം ഇരട്ടിപ്പ് കൂടാതെ നടപ്പിലാക്കുവാൻ ബ്ലോക്ക്പഞ്ചായത്തിന് അനുവാദം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സമാന പദ്ധതി നടപ്പിലാക്കുന്നതിനാൽ ഗ്രാമപഞ്ചായത്ത് ആനുകൂല്യം നൽകിയ ഗുണഭോക്താക്കൾക്ക് ബ്ലോക്ക് പഞ്ചായത്ത് ആനുകൂല്യം അനുവദിച്ചിട്ടില്ല എന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്. ചെലവഴിച്ച 500000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-10 ബഡ്സ് സ്കൂൾ - അപാകതകൾ

സിഡിപിഒ നിർവ്വഹണം നടത്തിയ 39/16 ബഡ്സ് സ്കൂൾ എന്ന പ്രൊജക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ അംഗീകാരം ലഭിച്ച ബഡ്സ് സ്കൂളിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 437554/ രൂപ ചിലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. ബഡ്സ് സ്കൂളുകളിലേക്ക് കുട്ടികളെ എത്തിക്കുന്നതിനായി രണ്ട് വാഹനങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ട്. ഫെബ്രുവരി,മാർച്ച് മാസങ്ങളിലായി വാഹന വാടകയിനത്തിൽ ശ്രീ.മനേഷ്,ബാബു എന്നിവർക്കായി 131490 രൂപ അനുവദിച്ചിട്ടുണ്ട്. വാഹനം ഓടിയത് സംബന്ധിച്ച് യാത്രാ ഷീറ്റ് ഫയൽ ചെയ്തിട്ടില്ല. സ്കൂൾ ആവശ്യത്തിനായി വാഹനം തെരഞ്ഞെടുക്കുന്നതിനായി ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

2. ജിഒ(എംഎസ്)362/2013തസ്വഭവ 16.11.13 പ്രകാരം ബഡ്സ് സ്കൂളുകളുടെ കെട്ടിട നിർമ്മാണം,ഫർണ്ണിച്ചർ,മറ്റ് ഉപകരണങ്ങൾ വാങ്ങൽ എന്നിവ ഗ്രാമപഞ്ചായത്തുകൾ നടത്തേണ്ടതും ബ്ലോക്ക്പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും നടത്തിപ്പിനായി വിഹിതം നൽകാവുന്നതുമാണ്.

3. ബഡ്സ് സ്കൂളുകളിലേക്ക് ടെണ്ടർ നടപടികൾ ഇല്ലാതെ സിഡ്കോയിൽ നിന്നും 99997/- (DD NO.252735,തിയ്യതി. 19.03.16) രൂപക്കുള്ള ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ മേൽ ഉപകരണങ്ങൾ സിഡ്കോ ഉൽപ്പാദിപ്പിക്കുന്നവയല്ല. ആയതിനാൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് കുറഞ്ഞ തുകക്ക് ഉപകരണങ്ങൾ ലഭ്യമാക്കണമായിരുന്നു.

മേൽ അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം സമർപ്പിക്കേണ്ടതാണ്.

## 3-11 ജൈവപച്ചക്കറി - കുടുംബശ്രീ യൂണിറ്റുകൾക്ക് നേരിട്ട് നൽകി

| | |
|---|---|
| പ്രൊജക്ട് | - 36/16,കുടുംബശ്രീ യൂണിറ്റുകളിലൂടെ ജൈവ പച്ചക്കറി കൃഷി |
| അടങ്കൽ | - 1650000 (വികസന ഫണ്ട്) |
| ചെലവ് | - 1650000. |

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കുടുംബശ്രീ യൂണിറ്റുകളിലൂടെ ജൈവ പച്ചക്കറി കൃഷി എന്ന മേൽ പ്രൊജക്ടിന്റെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. പ്രൊജക്ട് പ്രകാരം യൂണിറ്റുകൾക്ക് വിത്ത്, കമ്പോസ്റ്റ്,പോട്രേ,ഉൽപ്പാദന ചെലവ് എന്നിവക്കായി ഒരു കുടുംബശ്രീ യൂണിറ്റിന് 5500 രൂപ വീതം 1650000 രൂപ കുടുംബശ്രീ യൂണിറ്റുകളുടെ അക്കൗണ്ടുകളിലേക്ക് നൽകിയിട്ടുണ്ട്. കൃഷി

ഡപ്യൂട്ടി ഡയറക്ടർ , ഡിപിസി എന്നിവർ നിരാകരിച്ച മേൽ പ്രൊജക്ട് ജില്ലാ കോ-ഓർഡിനേഷൻ കമ്മറ്റിയുടെ അംഗീകാരത്തോടെ നടപ്പാക്കുകയാണ് ചെയ്തത്. സംസ്ഥാന തല കോ - ഓർഡിനേഷൻ കമ്മറ്റിയുടെ അംഗീകാരം ലഭ്യമായിട്ടില്ല. സർക്കാർ ഉത്തരവ് 362/2013,തസ്വഭവ തിയ്യതി. 16.11.2013 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ മേഖലാ ചുമതലകളിൽ ഉൾപ്പെടുന്ന ഇനങ്ങൾക്കാണ് ബ്ലോക്ക് പഞ്ചായത്ത് തുക ചെലവഴിച്ചത് .

2. ബ്ലോക്ക് പഞ്ചായത്തിനു കീഴിലെ ഏഴ് പഞ്ചായത്തുകളിലായി നടപ്പാക്കിയ മേൽ പദ്ധതിയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ചും പദ്ധതി നടത്തിപ്പിലൂടെ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ സംബന്ധിച്ചും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം സമർപ്പിക്കേണ്ടതാണ് .

## 3-12 ഭിന്നശേഷിയുള്ളവർക്ക് സഹായ ഉപകരണങ്ങൾ നൽകൽ - അപാകതകൾ

പ്രൊജക്ടിന്റെ പേര് - ഭിന്നശേഷിയുള്ളവർക്ക് സഹായ ഉപകരണങ്ങൾ

പ്രൊജക്ട് നമ്പർ - 38/16

ബിൽ നമ്പർ - 5/15-16 dt.23.03.16 തുക 375000

- 7/15-16 29.03.16 തുക 146755

സി.ഡി.പി.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ മേൽ പ്രൊജക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്തിനു കീഴിലെ ഭിന്നശേഷിക്കാരായ ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്ത് നൽകിയ ലിസ്റ്റ് പ്രകാരം 5 ട്രൈസൈക്കിൾ , കേൾവിശക്തി കുറഞ്ഞവർക്ക് ശ്രുവണസഹായി എന്നിവ നൽകിയിട്ടുണ്ട്. പ്രൊജക്ട് ഫയലകളുടെ പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. ഗുണഭോക്താക്കൾ നിലവിൽ വാഹനമില്ലാത്തവരാണെന്നും മറ്റ് ഏജൻസികളിൽ നിന്നും ഇവർക്ക് മുമ്പ് ആനുകൂല്യം ലഭ്യമായിട്ടില്ല എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി ഉറപ്പുവരുത്തിയതായി കാണുന്നില്ല.

2. ജി.ഒ (എം.എസ്) 362/13 തസ്വഭവ 16.11.13,അനുബന്ധം 16 ഖ.5.4(1) പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ നൽകുന്നതിന് മുമ്പായി വിദഗ്ധരുടെ മേൽനോട്ടത്തിൽ ആവശ്യകതാ നിർണ്ണയ ക്യാമ്പ് ഗ്രാമപഞ്ചായത്ത് തലത്തിൽ നടത്തേണ്ടതാണ്. ഇത്തരത്തിൽ താലൂക്ക് / ജില്ലാ ആശുപത്രികളിൽ നിന്ന് വിദഗ്ദരെ പങ്കെടുപ്പിച്ച് ആവശ്യകതാ നിർണ്ണയ ക്യാമ്പ് നടത്തിയതായി കാണുന്നില്ല.

3. ഗുണഭോക്താക്കൾ ഡ്രൈവിംഗ് ലൈസൻസ് നേടിയതായി കാണുന്നില്ല.ഗുണഭോക്താകളുടെ വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻഷുറൻസ് സർട്ടിഫിക്കറ്റ്, ഡ്രൈവിംഗ് ലൈസൻസ് എന്നിവയുടെ പകർപ്പുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി സമർപ്പിച്ചിട്ടില്ല. ചെലവു തുക 146755/- തടസ്സപ്പെടുത്തുന്നു.

## 3-13 വൃക്കരോഗ പ്രതിരോധ യജ്ഞം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്റ്റ് - 11/15 - 16

അടങ്കൽ - 353278 (വികസനഫണ്ട് – ജനറൽ)

ചെലവ് - 353278 .

മെഡിക്കൽ ഓഫീസർ ( സി.എച്ച്.സി) നിർവ്വഹണം നടത്തിയ വൃക്കരോഗ പ്രതിരോധ യജ്ഞം എന്ന മേൽ പ്രൊജക്റ്റ് പ്രകാരം വൃക്കരോഗങ്ങൾ തുടക്കത്തിലേ കണ്ടെത്തി ചികിൽസ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ബ്ലോക്ക് പഞ്ചായത്തിലെ എല്ലാ വീടുകളിലും സർവ്വേ നടത്തുകയും തുടർന്ന് അംഗൻവാടി തലത്തിൽ സ്ക്രീനിംഗ് ക്യാമ്പുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. സ്ക്രീനിംഗ് ക്യാമ്പുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവരെ താലൂക്ക് ആശുപത്രിയിൽ നിന്നും വിദഗ്ദ പരിശോധനക്ക് വിധേയമാക്കി രോഗികളെ കണ്ടെത്തുകയാണ് പ്രൊജക്റ്റ് പ്രകാരം വിഭാവനംചെയ്തത്. പദ്ധതി രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. ജിഒ (എംഎസ്) 362/2013 തസ്വഭവ 16.11.13 പ്രകാരം ഉൽപ്പാദനപരമല്ലാത്ത പരിപാടികളായ ക്യാമ്പെയിനുകൾ,സെമിനാറുകൾ തുടങ്ങിയവ പദ്ധതിയുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ പാടില്ല. സർക്കാർ വകുപ്പുകൾ വഴി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കാൻ പാടില്ല. മാർഗ്ഗരേഖ പ്രകാരം വിദൂരപ്രദേശങ്ങളിലെ പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ മാത്രമാണ് മെഡിക്കൽ ക്യാമ്പുകൾ നടത്താവുന്നത്.

2. പദ്ധതി പ്രകാരം വാർഡ് തല സർവ്വേ നടത്തി താലൂക്ക് ആശുപത്രിയിൽ വിദഗ്ദ പരിശോധനയിൽ പങ്കെടുത്തവരെ സംബന്ധിച്ചും പരിശോധനയിൽ തുടർ ചികിൽസ വേണ്ടവരെ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

3.പദ്ധതി നടപ്പാക്കിയതിനു ശേഷം പ്രവർത്തന പുരോഗതി സംബന്ധിച്ചുള്ള മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം സമർപ്പിച്ചിട്ടില്ല. ചെലവു തുക 353278/ തടസ്സപ്പെടുത്തുന്നു.

## 3-14 പെയിൻ&പാലിയേറ്റീവ് പരിചരണ പ്രവർത്തനം - അപാകതകൾ

പ്രൊജക്റ്റ് - 12/16

അടങ്കൽ - 97285

ചെലവ് – 97285

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രൊജക്റ്റ് പ്രകാരം പെയിൻ&പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കായി നഴ്സിനെ നിയമിച്ച് പരിചരണ പ്രവർത്തനങ്ങൾ

നടത്തിയിട്ടുണ്ട്.

പ്രതിമാസ പിഎംസി മീറ്റിംഗുകൾ ചേർന്ന് പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. എന്നാൽ ജി ഒ(എംഎസ്) 228/12 തസ്വഭവ 23.08.12 ഖ.4.1 പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കുന്ന പാലിയേറ്റീവ് പരിചരണ പ്രൊജക്ടുകൾ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിനും സേവനങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് ഫണ്ട് കൈമാറാവുന്നതാണ്. പദ്ധതിയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തുകൾ രോഗികളുടെ സംഗമങ്ങൾ സംഘടിപ്പിക്കാവുന്നതും ഡോക്ടർമാർ, ആരോഗ്യ പ്രവർത്തകർ എന്നിവർക്ക് പരിശീലന പരിപാടികൾ നടത്താവുന്നതുമാണ്.

2. പെയിൻ&പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കായി വാഹന വാടകയിനത്തിൽ കെ.എൽ.18.5096 വാഹന ഡ്രൈവറായ ശ്രീ.ജികേഷ്.കെ.എം എന്നവർക്ക് 62900/ രൂപ വാടകയിനത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ മേൽ സർക്കാർ ഉത്തരവ് പ്രകാരം ഇതിനായുള്ള വാഹനങ്ങൾ തദ്ദേശ ഭരണസ്ഥാപനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിനും താലൂക്ക് ആശുപത്രിക്കും കാലയളവിൽ വാഹനമുണ്ടായിരിക്കേ മറ്റ് വാഹനങ്ങൾക്ക് തുക നൽകിയതിനും ക്വട്ടേഷൻ നടപടികൾ കൂടാതെ വാഹനങ്ങൾ തിരഞ്ഞെടുത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 15ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദമായ മറുപടി സമർപ്പിക്കേണ്ടതാണ്.

## 3-15 ബിൽ ഹാജരാക്കാതെ തുക അനുവദിച്ചു

പേരാമ്പ്ര താലൂക്ക് ഹോസ്പിറ്റലിന്റെ വൈദ്യുതി ചാർജ്,ടെലഫോൺ ചാർജ്,വാട്ടർ ചാർജ്,ഡീസൽ ചാർജ് എന്നീ ഇനങ്ങളിലെ ചെലവിന് 165188 രൂപ താഴെ കാണിച്ചവിധം (ചെക്ക് നം.2138573/തീ.25/ 04/15)ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്.

| ഇനം | തുക |
|---|---|
| വൈദ്യുതി ചാർജ് | 124451 |
| ടെലഫോൺ ചാർജ് | 10660 |
| വാട്ടർചാർജ് | 412 |
| ഡീസൽചാർജ് | 29665 |
| ആകെ | 165188 |

എന്നാൽ ചെലവിനാധാരമായ ബിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ബിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. 165188 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 2015-16 | 17606222 | ഐഎവൈ 2015-16 | 8630375 | 8975847 |
| ജില്ലാപഞ്ചായത്ത് | 2015-16 | 17692484 | ഐ.എ.വൈ 2015-16 | 12315750 | 5376734 |

### 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

2015 – 16 വർഷത്തിൽ ലോൺ ഇനത്തിൽ 214828, 961163 (കോ-ഓപ് ബാങ്ക്) വരവും 2773830 രൂപ നീക്കിയിരിപ്പും ഉണ്ട്. ലോൺ രജിസ്റ്റർ ഇതുമായി ബന്ധപ്പെട്ട മറ്റ് രേഖകൾ എന്നിവ ഹാജരാക്കാത്തതിനാൽ ഇത് സംബന്ധിച്ച കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

### 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

### 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ലഭ്യമല്ല | 3 -3 | 2006 - 07 | 3.82(1) | കുറ്റ്യാടി പുഴയുടെ തീര സംരക്ഷണം - ലക്ഷ്യം കൈവരിച്ചില്ല. | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 118420062 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 128406849 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 159412 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3966824 |

(ബി). ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3 - 2 | | 159412 | എ.എം.മാധവൻ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 2524245 | ശ്രീ.എ.എം.മാധവൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-7 | 191258 | ശ്രീ.എ.എം.മാധവൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-8 | 86100 | ശ്രീ.ബെവിൻ ജോൺ വർഗ്ഗീസ്<br>സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് |
| 3-9 | 500000 | ശ്രീമതി.ജീജ.കെ.എം, ക്ഷീരവികസന ഓഫീസർ |
| 3-12 | 146755 | ശ്രീമതി.ദീപ.കെ., സിഡിപിഒ |
| 3-13 | 353278 | ഡോ.വിനോദ് കുമാർ.കെപി., മെഡിക്കൽ ഓഫീസർ |
| 3-15 | 165188 | ശ്രീമതി.കബനി.സി, സെക്രട്ടറി ബ്ലോക്ക്പഞ്ചായത്ത് |
| ആകെ | 3966824 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എ.എം.മാധവൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | റിട്ടയേർഡ് | ശ്രീ.എഎം.മാധവൻ<br>സൗപർണ്ണിക, നടുവണ്ണൂർ<br>കോഴിക്കോട്. 673614 |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96, 96-97, 97-98 | എൽ.എഫ്.കെ.കെ.ഡി. പി7-1658/09(1) തീ. 12.11.12 | 2 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി. പി7-1658/09(2) തീ. 12.11.12 | 1 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി. പി7-1658/09(3) തീ. 12.11.12 | 9 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി. പി7-1658/09 തീ. 05.04.2011 | 12 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി. പി7-1658/09 തീ. 05.04.2011 | 4 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി. പി7-1658/09(5) തീ. 12.11.12 | 6 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി. പി7-1658/09(7) തീ. 12.11.12 | 2 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി. പി7-1383/10 തീ. 10.11.10 | 12 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി. പി7-465/11 തീ. 04.02.12 | 13 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി. പി7-2020/11 തീ. 13.2.12 | 22 |

| | | |
|---|---|---|
| 2008-09 | എൽ.എഫ്.കെ.കെ.ഡി. പി7-1271/12<br>തീ. 05.09.12 | 7 |
| 2009-10,<br>10-11 | എൽ.എഫ്.കെ.കെ.ഡി. പി7-60/13<br>തീ. 22.07.2013 | 13 |
| 2011-12,<br>12-13 | എൽ.എഫ്.കെ.കെ.ഡി. പി7-278/15<br>തീ. 12.03.15 | 7 |
| 2013-14<br>2014-15 | കെ.എസ്.എ.കെ.കെ.ഡി.പി.1718/16<br>തീ. 31.10.16 | 13 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

**1**

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.കെ.ഡി.പി7/442/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ: 0495-2371012
തീയതി:19.03.2017

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻെറ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൻെറ 215 ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക്പഞ്ചായത്തിൻെറ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പേരാമ്പ്ര ബ്ലോക്ക്പഞ്ചായത്തിന്റെ 2015 - 16 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# **2**

# Audit Certificate

KSA.KKD-P7/442/2017

Kerala State Audit Department

District Audit Office
Civil Station, Kozhikode

PH: 0495-2371012

Dated:19.03.2017

Certified that I have audited the Annual Financial Statement of PERAMBRA Blockpanchayat in Kozhikode District for the year ended on 31.03.2016 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of PERAMBRA Block Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure .

JOINT DIRECTOR
District Audit Office, Kozhikode.